പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.325 — 28.1.2019 ൽ മറുപടിയ്ക്ക്

# അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട തൊഴിൽ അവസരങ്ങൾ

ചോദ്യം — മറുപടി

ശ്രീ.വി.ഡി.സതീശൻ — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് 1995 നിലവിൽ വന്ന 7.2.1996 മുതൽ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട തൊഴിൽ അവസരങ്ങൾക്ക് ഓരോ വകുപ്പിലെയും കേഡർ സ്ട്രെങ്ത്തിന്റെ 3% സംവരണത്തിന് അംഗീകാരം നൽകിയ സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 6/5/17 ലെ (പി) 8/17 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ),(ബി) & (സി)<br>6.5.2017 ലെ സ.ഉ(പി)നം.8/17/സാ.നീ.വ ഉത്തരവിന്മേൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിലേയ്ക്കായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 4.8.2017 ന് യോഗം ചേരുകയുണ്ടായി. ആയതിൻ പ്രകാരം സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് സംസ്ഥാനസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഉറപ്പാക്കുന്ന വിഷയത്തിൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതിനായി 27.9.2017 ലെ സ.ഉ(സാധാ) നം.638/17/സാ.നീ.വ പ്രകാരം സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കൺവീനറായും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റിയുടെ നിർദേശ പ്രകാരം വിരമിച്ച വിദഗ്ധ ഉദ്യോഗസ്ഥരുടെ സമിതി ടി വിഷയം |

| | |
|---|---|
| | പരിശോധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ